**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3369** **11-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏറ്റവും കൂടുതൽ പട്ടയം ഏത് ജില്ലയിലാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 1,80,887 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. 41,879 പട്ടയങ്ങളാണ് പാലക്കാട് ജില്ലയിൽ വിതരണം ചെയ്തിട്ടുള്ളത്. |
| (ബി) | വനാതിർത്തികളിൽ താമസിക്കുന്നവരുടെ പട്ടയം സംബന്ധിച്ച പ്രശ്നങ്ങളിൽ എത്ര ശതമാനം പരിഹരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | വനാതിർത്തികളിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പട്ടയ മിഷനിലൂടെ പ്രത്യേക ശ്രദ്ധയാണ് കാണിക്കുന്നത്. 93-ലെ ചട്ട പ്രകാരം പട്ടയം കൊടുക്കാൻ കേന്ദ്ര സർക്കാരിന്റെ അനുവാദം വേണം. ഇതിനകം കേന്ദ്ര സർക്കാർ അനുവദിച്ച ഭൂമികളിൽ താമസിക്കുന്ന അർഹതപ്പെട്ടവർക്ക് സർവ്വേ നടപടികൾ പൂർത്തികരിച്ച് പട്ടയം നൽകി വരികയാണ്. JVR നടത്തി കേന്ദ്രത്തിലേക്ക് അയച്ച് അപേക്ഷ പ്രോപ്പർ അല്ലെന്ന് കാണിച്ച് തിരിച്ചു വന്ന അപേക്ഷകൾ ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് വീണ്ടും പരിവേഷ് പോർട്ടലിൽ രേഖപ്പെടുത്തി അയക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ അപേക്ഷകൾ അംഗീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ കഴിയും. ദീർഘകാലമായി കേരളത്തിന്റെ ആവശ്യമാണ് പുതിയ JVRും അപേക്ഷയും. സംസ്ഥാന റവന്യൂ - വനം മന്ത്രിമാർ കേന്ദ്ര വനം മന്ത്രിയുമായി 2024 ഫെബ്രുവരി 7-ന് നടത്തിയ ചർച്ചയെ തുടർന്ന് പുതിയ JVR നടത്തേണ്ട കേസുകളിൽ വിവരശേഖരണ അപേക്ഷകൾ 2024 മാർച്ച് 1 മുതൽ 30 വരെയും 2024 ജൂലൈ 10 മുതൽ 31 വരെയും നടത്തിയിട്ടുള്ളതാണ്. വിവരങ്ങൾ ക്രോഡീകരിക്കുന്നതിനായി ഗൂഗിൾ ഷീറ്റ് ആലപ്പുഴ ഒഴികെയുള്ള ജില്ലകളിലേക്ക് ഷെയർ ചെയ്തിട്ടുള്ളതും ജില്ലകളിൽ നിന്നും ആയതിൽ എൻട്രി വരുത്തിയിട്ടുള്ളതും വനഭൂമി വിവരശേഖരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പോർട്ടൽ തയ്യാറാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ സ്റ്റേറ്റ് ഐ.ടി. സെൽ മുഖേന സ്വീകരിച്ചു വരുന്നതുമാണ്. വനം വകുപ്പുമായി കൂടിയാലോചിച്ച് ഏറ്റവും അടുത്ത തീയതിയിൽ JVR ആരംഭിക്കാനാകും. JVR പൂർത്തീകരിച്ച ശേഷം അർഹതപ്പെട്ടവർക്ക് അപേക്ഷ വാങ്ങി കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടെ പട്ടയം വിതരണം ചെയ്യാനാകും.<br><br>തെറ്റായി വനം എന്ന് രേഖപ്പെടുത്തിയ കേസുകൾ ഡിജിറ്റൽ സർവ്വേയോടെ നിജസ്ഥിതി കണ്ടെത്തി പട്ടയം നൽകാനും കഴിയുന്നുണ്ട്. വനഭൂമി പട്ടയത്തിനായി പ്രത്യേക SOP തന്നെ റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ